# സ്നേഹത്തിന്റെ ഒരു പ്രകാശകിരണത്താൽ
## അത്യാനന്ദത്തിലാഴ്ത്തപ്പെടുന്നു

പ്രിയ സുഹൃത്തുക്കളെ,

മനുഷ്യന്റെ കേന്ദ്രം ലക്ഷ്യമാക്കിയുള്ള ആന്തരീകപ്രയാണത്തെക്കുറിച്ച് ബാബുജി 1940 കളിൽ തന്റെ പുസ്തകങ്ങളിൽ തുടർച്ചയായി എഴുതിയിട്ടുണ്ട് – പ്രപഞ്ചസൃഷ്ടിക്കുമുൻപുണ്ടായിരുന്ന ആത്യന്തിക നിലയെക്കുറിച്ചും എല്ലാറ്റിന്റെയും സൃഷ്ടിപരമായ സ്രോതസ്സിനെക്കുറിച്ചും അദ്ദേഹം അതിൽ പ്രതിപാദിച്ചിട്ടുണ്ട്.

മാർഗത്തിലുണ്ടാവാൻ സാധ്യതയുള്ള തടസ്സങ്ങളെക്കുറിച്ചും അതിനുള്ള പരിഹാരങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചിരുന്നു. അതെത്രത്തോളം ലളിതമായ ഒരു പ്രക്രിയയാണെന്ന് അദ്ദേഹം നമ്മെ പറഞ്ഞുമനസ്സിലാക്കിയത് അതിലേറെ അത്ഭുതകരമായ കാര്യമാണ്. അദ്ദേഹം നമുക്ക് പ്രതിവിധികൾ പറഞ്ഞുതന്നു, സ്വയം ഒരു മാർഗദർശിയാവാൻ സമ്മതിച്ചു, ലളിതമായ രേഖാചിത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് യാത്ര എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിച്ചു. അതിഗഹനമായ, അതുവരെ നിഗൂഢമായിരുന്ന അറിവ് പൊടുന്നനവെ

ലോകത്തിനുമുഴുവൻ ലഭ്യമായി. തന്റെമുന്നിൽ വന്നിരുന്ന ഏവരെയും – ഏതു സംസ്കാരങ്ങളിലുള്ളവരായാലും, ഏതു പ്രായക്കാരായാലും ഏതു ചുറ്റുപാടുകളിനിന്നുള്ളവരായാലും – വിവേചനമില്ലാതെ ബാബുജി സ്വീകരിച്ചു. നമ്മളെല്ലാവരും സ്നേഹത്തിൽ പുരോഗതി കൈവരിച്ച് കേന്ദ്രം ലക്ഷ്യമാക്കി നീങ്ങുമെന്നും , മനുഷ്യരെന്നനിലയിൽ തങ്ങളുടെ ഉന്നതമായ സാദ്ധ്യതകൾ കണ്ടെത്തുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. തന്റെ വ്യക്തിഗതമായ അനുഭവങ്ങളാൽ അദ്ദേഹം നമ്മെ മുന്നോട്ടു നയിച്ചു, യാത്രയെക്കുറിച്ച് ശാസ്ത്രീയമായി വിശദീകരിച്ചു, അദ്ദേഹത്തിന്റെ രേഖാചിത്രങ്ങളും നിർദ്ദേശങ്ങളും, കൃത്യവും വ്യക്തവും ലളിതവുമായിരുന്നു.




## സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര

കേന്ദ്രത്തിലേക്കുള്ള ആന്തരീകയാത്രയിൽ നാം കടന്നുപോകുന്ന വിവിധ നിലകളും അവസ്ഥകളും വിശദമാക്കുന്ന 23 വലയങ്ങൾ കാണിക്കുന്ന രേഖാചിത്രം അവയിലൊന്നായിരുന്നു. ബാഹ്യമായ പരിധിയിൽനിന്നുതുടങ്ങി, നമ്മുടെ സൂക്ഷ്മശരീരത്തിന്റെ ഘടന നിർണ്ണയിക്കുന്ന ചക്രങ്ങളിലൂടെ നാം കടന്നുപോകുന്നു. ഈ ചക്രങ്ങളുള്ള മൂന്നു മണ്ഡലങ്ങളെക്കുറിച്ചും ബാബുജി വിശദമാക്കിയിട്ടുണ്ട് – ഹൃദയമണ്ഡലം, മനോമണ്ഡലം, കേന്ദ്രമണ്ഡലം തുടങ്ങിയവ. കേന്ദ്രത്തിലേക്കുള്ള മാർഗത്തിലെ മൂന്ന് ഘട്ടങ്ങളാണിവ.

ബാബുജിയുടെ വിശദീകരണങ്ങൾ നിങ്ങൾക്ക് പരിചിതമല്ലെങ്കിൽ, സത്യോദയം, രാജയോഗയുടെ ഫലദായകത്വം, അനന്തതയിലേക്ക്  തുടങ്ങിയ, ഈ വിഷയത്തെക്കുറിച്ച് അദ്ദേഹം എഴുതിയ  ഗ്രന്ഥങ്ങൾ

> ഏറ്റവും സുതാര്യമായ സ്ഫടികത്തിലൂടെ
> കടന്നുപോകുന്ന പ്രകാശരശ്മിപോലും
> വ്യതിചലിപ്പിക്കപ്പെടുന്നതുപോലെ, ഏറ്റവും
> സൂക്ഷ്മമായ അരിപ്പയിലൂടെ(filter)
> കടന്നുപോകുന്ന സ്നേഹത്തിന്റെ  രശ്മിയും
> വ്യതിചലിപ്പിക്കപ്പെടുന്നു.  അരിപ്പകളൊന്നുമില്ലായി
> രുന്നെങ്കിൽ കേന്ദ്രത്തിൽനിന്നുള്ള പരിശുദ്ധ
> സ്നേഹപ്രവാഹം നാമെല്ലാം അനുഭവിച്ചേനെ.



വായിച്ചുമനസ്സിലാക്കാവുന്നതാണ്. യാത്ര, സ്വയം, അനുഭവവേദ്യമാക്കുകയാണ് കൂടുതൽ ഉത്തമം. ഒരു ഭൂപടത്തിലെ അക്ഷാംശങ്ങളും രേഖാംശങ്ങളും എപ്രകാരം അയഥാർത്ഥമാണോ അപ്രകാരം ഈ 23 വലയങ്ങളും യഥാർത്ഥമല്ല . അവ വെറും ഉദാഹരണ സൂചനകൾ മാത്രമാണ്.

ഈ ആന്തരീക പ്രയാണത്തിലെ  നമ്മുടെ ചാലകശക്തിയെന്താണ്? നാം നയിക്കപ്പെടുന്നത് സ്നേഹത്തിന്റെ ഒരു കിരണത്തിലൂടെയാണ്. എന്നാൽ മാർഗ്ഗമധ്യേ തടസ്സങ്ങളേറെയുണ്ട്. ഈ തടസ്സങ്ങളേതൊക്കെയാണ്? അവയെ എങ്ങിനെ മറികടക്കാം?

ഏറ്റവും സുതാര്യമായ സ്ഫടികത്തിലൂടെ കടന്നുപോകുന്ന പ്രകാശരശ്മിപോലും വ്യതിചലിപ്പിക്കപ്പെടുന്നതുപോലെ, ഏറ്റവും സൂക്ഷ്മമായ

അരിപ്പയിലൂടെ(filter) കടന്നുപോകുന്ന സ്നേഹത്തിന്റെ രശ്മിയും വ്യതിചലിപ്പിക്കപ്പെടുന്നു. അരിപ്പകളൊന്നുമില്ലായിരുന്നെങ്കിൽ കേന്ദ്രത്തിൽനിന്നുള്ള പരിശുദ്ധ സ്നേഹപ്രവാഹം നാമെല്ലാം അനുഭവിച്ചേനെ. അങ്ങിനെയെങ്കിൽ ഈ ആന്തരീക യാത്രയുടെ ആവശ്യമില്ലാതായേനെ. എന്നാൽ, നമ്മുടെ മാനുഷിക നിലനിൽപ്പിന്റെ പ്രകൃതത്താൽ നമ്മിൽ അരിപ്പകളുണ്ട്, അതിനാൽ, കേന്ദ്രത്തിലേക്കടുക്കുന്തോറും നമ്മുടെ പരിമാണവും സാധ്യതകളുംവികസിപ്പിച്ചുകൊണ്ട് ഈ 23 വലയങ്ങളിലൂടെയും പടിപടിയായി നമുക്ക് കടന്നുപോകേണ്ടതുണ്ട്.

പരിധിക്കും കേന്ദ്രത്തിനുമിടയിൽ അനേകം അരിപ്പകളുണ്ട്. പരിധിയിൽ, നമ്മുടെ ആഗ്രഹങ്ങളുടെ പിടിവലിയെ തൃപ്തിപ്പെടുത്തി, ബാഹ്യമായി കേന്ദ്രീകൃതമാവാനാണ് നമ്മുടെ സ്നേഹത്തിന്റെ പ്രവണത. ഉദാഹരണത്തിന്, ഒരു കുഞ്ഞിന്റെ സ്നേഹം മാതാപിതാക്കളോടും കളിപ്പാവകളോടുമായിരിക്കും, ഒരു കൗമാരപ്രായക്കാരനാകട്ടെ, പ്രേമത്തിലും സൗഹൃദങ്ങളിലുമായിരിക്കും താത്പര്യം. പ്രായപൂർത്തിയായ ഒരുവൻ, തന്റെ കുടുംബജീവിതം, ഔദ്യോഗികജീവിതം, കായികവിനോദം, വിനോദവൃത്തികൾ,

ഹൃദയമണ്ഡലത്തിലെ അഞ്ച് വലയങ്ങളിൽ തുടങ്ങി, ഹൃദയത്തിലൂടെയുള്ള നമ്മുടെ യാത്ര നാം തുടങ്ങുന്നു. വികാരപരമായ അരിപ്പകളാൽ ചേർന്നുനിൽക്കുന്നതാണ് ഓരോ ഘട്ടവും; നമ്മുടെ ആഗ്രഹങ്ങളിൽ നിന്നും തുടങ്ങി. പടിപടിയായുള്ള നമ്മുടെ പരിണാമം, അരിപ്പകൾ ഉപേക്ഷിക്കൽ മാത്രമാണ്.

സ്വത്ത് സമ്പാദനം, ഡിജിറ്റൽ ഉപകരണങ്ങൾ തുടങ്ങിയവയോടായിരിക്കും താത്പര്യം. ചിലപ്പോൾ ദുരാഗ്രഹം, അസൂയ, മത്സരബുദ്ധി, വിരോധം തുടങ്ങിയവയായിരിക്കും അനുഭവപ്പെടുക. സ്നേഹം അപ്പോൾ കൈയ്യടക്കലും സ്വയം കേന്ദ്രീകൃതമാവലുമാവും. അങ്ങനെയാവുമ്പോൾ, നക്ഷത്രസമൂഹങ്ങൾക്കിടയിലുള്ള ഇടത്തിലെ തമോഗർത്തങ്ങളിൽനിന്ന് രക്ഷപ്പെടാനാവാത്ത ഒരു പ്രകാശരശ്മിയെപ്പോലെ, നമ്മുടെ സ്നേഹം കുരുക്കിലാവുന്നു. ക്രമേണ, നമ്മുടെ പരിശീലനത്തിലൂടെ, മെച്ചപ്പെട്ട ധാരണയോടും ശരിയായ ചിന്താരീതിയോടും കൂടി, ഈ മനോവികാരങ്ങളെ വരുതിയിലാക്കാനും, ഉന്നതമായ ഒരു കാഴ്ചപ്പാടിൽ കേന്ദ്രീകൃതമാവാനും നാം പഠിക്കുന്നു.

നമ്മുടെ കുടുംബത്തെയും ജോലിയേയും സ്നേഹിക്കുന്നതിനോടൊപ്പം ഉന്നതമായ അവബോധവും നമ്മിൽ വികസിതമാവുന്നു. വികാരങ്ങളുടെമേലുള്ള നിയന്ത്രണം നമ്മുടെ അടിത്തറയുടെ ആദ്യത്തെ കല്ലായിരിക്കും.  നമ്മുടെ യാത്രയിലെ വിവിധ ഘട്ടങ്ങളിൽ നമ്മെത്തന്നെ നമുക്ക് അഭിമുഖീകരിക്കേണ്ടതുണ്ട്.

ഹൃദയമണ്ഡലത്തിലെ അഞ്ച് വലയങ്ങളിൽ തുടങ്ങി,  ഹൃദയത്തിലൂടെയുള്ള നമ്മുടെ യാത്ര നാം തുടങ്ങുന്നു.  വികാരപരമായ അരിപ്പകളാൽ ചേർന്നുനിൽക്കുന്നതാണ് ഓരോ ഘട്ടവും; നമ്മുടെ ആഗ്രഹങ്ങളിൽ നിന്നും തുടങ്ങി. പടിപടിയായുള്ള  നമ്മുടെ പരിണാമം, അരിപ്പകൾ ഉപേക്ഷിക്കൽ മാത്രമാണ്.

യഥാർത്ഥത്തിൽ, നമുക്ക് നല്ലതുപോലെ പരിചിതമായവയാണ് ഈ അരിപ്പകൾ. ഉദാഹരണത്തിന്, നമ്മുടെ ജീവിതപങ്കാളിയുമായുള്ള ബന്ധത്തിൽ  നാം പലപ്പോഴും ബന്ധിതരാണ്. നൂറുകണക്കിലുള്ള ദമ്പതിമാരിൽ മൂന്നോ നാലോ മാത്രമായിരിക്കും ശരിയായ സ്നേഹത്താൽ അനുഗ്രഹീതരായിരിക്കുന്നത്. കൂടുതലും അധീനത മാത്രമായിരിക്കും. മറ്റു അരിപ്പകൾ, നമ്മുടെ മതപരമായ വിശ്വാസങ്ങൾ തുടങ്ങിയവയാണ്. ഇത്, മതപരമോ, രാഷ്ട്രീയമോ, ചിന്താഗതിയോ എന്തുമായിക്കൊള്ളട്ടെ, വ്യത്യസ്തങ്ങളായ വിശ്വാസങ്ങൾക്കെതിരായുള്ള മുൻവിധികളിലേക്ക് അവ നമ്മെ നയിക്കുന്നു. കൂടാതെ, നമ്മുടെ അടിസ്ഥാനമെന്ന് നാം കരുതുന്ന, മുറുകെപ്പിടിക്കുന്ന വിശ്വാസങ്ങൾ; ഉദാഹരണമായി സത്യസന്ധത, നീതി എന്നിവയുടെ ആവശ്യകത. ഇത്തരം വിശ്വാസങ്ങളിൽ പലതും മഹത്തായതാണെന്നാലും ഇക്കാര്യങ്ങളിൽ നാം കർക്കശസ്വഭാവക്കാരാണ്. മാപ്പുനൽകാനോ വിട്ടുകളയാനോ നമുക്കാവില്ല. പകരം, നമുക്ക് ശരിയെന്നു തോന്നുന്നതിനായി നാം പൊരുതിക്കൊണ്ടിരിക്കും. വളച്ചൊടിക്കലിലേക്ക് ഇത് നയിക്കും– വ്യക്തികളെ വെറുക്കുന്നതിലേക്കുവരെ ഇത് നീളും– കേന്ദ്രത്തിലേക്കുള്ള സഞ്ചാരപഥത്തിൽനിന്ന് സ്നേഹരശ്മിയെ അത് വ്യതിചലിപ്പിക്കും.

സ്റ്റാർ വാർസിലെ അനാകിൻ സ്കൈവാക്കർ  ഇതിനൊരുത്തമ ഉദാഹരണമാണ്. സൈന്യത്തിന്റെ സന്തുലിതാവസ്ഥ പൂർവ്വസ്ഥിതിയിലാക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ജേഡികളിൽ ഒരാളായിരുന്നു അനാക്കിൻ; അതിനാവശ്യമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.  ശ്രദ്ധാലുവും ദയാലുവുമായിരുന്നു അയാൾ.

എന്നാൽ, തന്റെ പ്രിയപ്പെട്ട അമ്മയുടെയും  പ്രിയപ്പെട്ട പദ്മെയുടെയും മരണം അയാളിൽ അമർഷം വളരുന്നതിലേക്ക നയിച്ചു, ഡാർത് വാഡറിലേക്ക് രൂപമാറ്റം വരുത്തുന്നതിലേക്ക് അത് നയിച്ചു.

നിലനിൽപ്പിന്റെ ഇരുണ്ട ഭാഗമാണ് അഹന്ത. നമ്മുടെ സ്വത്വത്തിന്റെ കേന്ദ്രത്തിലുള്ള പ്രകാശത്തിന്റെ സ്രോതസ്സിൽനിന്നും അകലുന്തോറും ഇരുണ്ട നിഴലിന്റെ വ്യാപ്തി കൂടുതലാവും.  എന്താണ് അല്ലെങ്കിൽ ആരാണ് അഹന്തയാൽ സംതൃപ്തരായിട്ടുള്ളത്? മറ്റുള്ളവരിൽനിന്നുള്ള കടുത്ത എതിർപ്പ് നേരിടുമ്പോൾ നമ്മോട് അനുകൂലമനോഭാവം പ്രകടിപ്പിക്കുന്നയാൾ നമ്മുടെ അടുത്ത സുഹൃത്താവും! എന്തുകൊണ്ട്? മറുവശത്താവട്ടെ, നമ്മുടെ ഏറ്റവും പ്രിയപ്പെട്ടയാൾ നമ്മോട് വിയോജിക്കുമ്പോൾ നമ്മുടെ സമനില തെറ്റും.

അഹന്തയെക്കാൾ, ഇടപെടാൻ, ആഗ്രഹങ്ങളാണ് ഭേദം. എന്തുകൊണ്ടെന്നാൽ, ഒരിക്കൽ തൃപ്തിപ്പെടുത്തിയാൽ അവ വീണ്ടുമുയരില്ല. വീണ്ടും ആവർത്തിച്ചേക്കാം, എന്നാൽ സമയപരിധി വകവെയ്ക്കാവുന്നതാണ്. കൂടാതെ, ഭക്ഷണത്തിനായുള്ള ആഗ്രഹവും, മറ്റു ഇന്ദ്രിയ സംതൃപ്തിയും നല്ലൊരു പരിധിവരെ സ്വാഭാവികമാണ്. അഹന്തയെസംബന്ധിച്ചിടത്തോളം, യാതൊരുവിധ വിരാമവുമില്ലാത്ത, ഒരു പ്രതിഭാസമാണത്. അഹന്ത, അധികാരത്താലും  പദവിയാലും സമ്പന്നമാവുന്നു; അതിന്റെ നിലനിൽപ്പിന് സഹായകമാവുന്ന ഏതുകാര്യം കൊണ്ടായാലും. ജന്തുലോകത്തുനിന്നും നമ്മെ വേർതിരിക്കുന്ന ഘടകം ഇതാണ്. നമ്മുടെ പുരോഗതിക്കു സഹായകമാവാൻ ഉദ്ദേശിച്ചത് നമ്മുടെ ബോധതലത്തെ വികസിതമാക്കുന്നതിന് എതിരായി പ്രവർത്തിക്കുന്നു.

മൃഗങ്ങൾക്കും വൃക്ഷങ്ങൾക്കും അത്തരമൊരു വീഴ്ച സംഭവിക്കില്ല, എന്നാലും ബോധതലത്തിന്റെ വികസനം അവിടെയുണ്ടാവില്ല. വൃക്ഷലതാദികളെപ്പോലെയും മൃഗങ്ങളെപ്പോലെയും പെരുമാറുന്നത് നമുക്ക് പരിണാമം നിഷേധിക്കുന്നു; അവയുടെ അഹന്തയ്ക്ക് നിലനില്പില്ലെങ്കിലും. സന്തോഷഭരിതരായി ഇരിക്കുന്നതിലൂടെ, അനന്തമായ സാഗരവുമായി ഒന്നാവുന്നതിലൂടെ അദൃശ്യമായ ദിവ്യത്വവുമായി അനുരൂപമാകുന്നതിലൂടെ മാത്രമേ  അഹന്തയുടെ അളവറ്റ ബുദ്ധിമുട്ടിക്കലിൽനിന്നും ഭാരത്തിൽനിന്നും നമുക്ക് സ്വയം രക്ഷനേടാനാകൂ. ബാഹ്യലോകവുമായി നാം ചേർന്നുനിൽക്കുമ്പോൾ നാം അതുമായി നിരന്തരം സമ്പർക്കത്തിലായിരിക്കും; അളവൊന്നുമില്ലാതെ. ഒരു വലയൊരുക്കി, അതിൽ സ്വയം കുരുങ്ങുന്നതുപോലെയാണിത്   .

ഇന്ദ്രിയവിഷയകമായ നമ്മുടെ ആഗ്രഹങ്ങളെ സംതൃപ്തമാക്കാൻ ബാഹ്യഇടപെടലുകൾ ഒഴിവാക്കാനാവാത്തതാണ്; ആശ്രയിക്കുന്നത് ബാഹ്യമായതിനെയാണ്. അത്തരമൊരു ആശ്രിതത്വം നമ്മെ ആഗ്രഹങ്ങളുടെ അടിമയാക്കുന്നു. അതിജീവനത്തിനായി ഒരു പുലി ഒരു കാട്ടുപോത്തിനേയോ മാനിനെയോ കൊല്ലുന്നു. ഒരു സിംഹത്തിന് സന്തത്യുത്പാദനത്തിനായി ആറ്  പെൺസിംഹങ്ങളുണ്ടാവാം. അത് സ്വാഭാവികം മാത്രം. കൃത്യമായിപ്പറഞ്ഞാൽ, ബാഹ്യപ്രകൃതം. ബിരിയാണിയോ, രസഗുളയോ, പീസയോ നമുക്ക് വേണ്ടായിരിക്കാം, പക്ഷെ ഭക്ഷണം ഒഴിവാക്കാനാവില്ല. ഒരാളുടെ അഹന്തയെ തൃപ്തിപ്പെടുത്തുന്നതിനെക്കുറിച്ചെന്തു പറയും? അഹന്ത ദൈവദാനമാണോ? അത് സ്വയം സൃഷ്ടിക്കപ്പെട്ടതാണ്.  അത്, ആന്തരികമായ അദൃശ്യമായ ലോകത്തുനിന്നും  ഉയർന്നതാണ്.

അടുപ്പം സ്നേഹത്തിലേക്കും, ക്രമേണ
അതും അലിഞ്ഞില്ലാതായി
സമർപ്പണത്തിലേക്കും നയിക്കുന്നു.
അടുപ്പം ഭക്തിയായി
പക്വമാവുമ്പോഴാണ് അത്
സംഭവിക്കുക.



ദാഹവും വിശപ്പും ശമിപ്പിക്കുന്നത് എങ്ങിനെയെന്ന് നമുക്കറിയാം, ലൈംഗികതൃഷ്ണ ശമിപ്പിക്കുന്നതും എങ്ങിനെയെന്നറിയാം. അവയെല്ലാം അത്യന്താപേക്ഷിതമായതും പ്രകൃതിയുടെ പദ്ധതിപ്രകാരമുള്ളതുമാണ്. അഹന്തയും പ്രകൃതിയുടെ വരദാനമാണോ? വയറു നിറഞ്ഞിരിക്കുമ്പോൾ വേദനിക്കുന്നത്, കൂടുതൽ ഭക്ഷണം ബുദ്ധിമുട്ടുളവാക്കുമെന്നതിനുള്ള സൂചനയാണ്. അത്യാവശ്യമല്ലാത്ത ഒന്ന് ഒഴിവാക്കണമെന്ന സൂചന സാധാരണയായി ഉയരാറുണ്ട്. അഹന്ത ഒരു അവശ്യഘടകമല്ല; അവശ്യമല്ലാത്തതിനെ തൃപ്തിപ്പെടുത്തുന്നത് വ്യക്തിഗതമായ ആരോഗ്യത്തിന് വിരുദ്ധമാണ്; അത് ശാരീരികമോ, മാനസികമോ, വികാരപരമോ, ആത്മീയമോ ആവട്ടെ.

ആവശ്യങ്ങളെ അടിസ്ഥാനമാക്കി എനിക്ക് ലഭിക്കുന്ന മെയിലുകൾക്ക് മറുപടി അയക്കുകയോ  അല്ലെങ്കിൽ  ഫയൽ ചെയ്യുകയോ  ആണ് പതിവ്. എന്നാൽ

ഞാൻ പ്രതികരിച്ചില്ലെങ്കിൽ അവർ വീണ്ടുമെഴുതും, “ദാജി, അങ്ങേക്കെന്നോട് ദേഷ്യമാണോ,” അവർ ചോദിക്കും. “അല്ല, എനിക്ക് നിങ്ങളോടു ദേഷ്യമൊന്നുമില്ല” എന്ന് പറയിപ്പിക്കാനായി അവർ ശ്രമിക്കും. അത്തരം കത്തിടപാടുകൾ വ്യർത്ഥമായവയാണ്, എല്ലാവരുടെയും സമയം പാഴാക്കലാണ്. അത്തരത്തിൽ അഹന്തയെ തൃപ്തിപ്പെടുത്തുന്നവർ ഒരിക്കലും

ആന്തരികയാത്രയുടെ പിടിവള്ളിയാണ് ഭക്തി;
സ്നേഹരശ്മിയുമായുള്ള ബന്ധം അത്
നിലനിർത്തുന്നു. കൃത്യമായി പറഞ്ഞാൽ
സ്നേഹരശ്മിയെ പോഷിപ്പിക്കുന്നത് ഭക്തിയാണ്

ആഴങ്ങളിലേക്കിറങ്ങുകയില്ല. ബാഹ്യമായി തൃപ്തിപ്പെടുത്താൻ മാത്രമേ അഹന്ത ആവശ്യപ്പെടു; അധികവും അത്തരത്തിൽ അഹന്തയെ പ്രീണിപ്പിക്കുന്നവരിൽ നിന്ന് അല്ലെങ്കിൽ ആദരിക്കുന്നവരിൽനിന്ന്.

എന്തുകൊണ്ടാണ് ഒരേ തരക്കാരിൽനിന്നാവുന്നത്? ഇന്ത്യൻ പാർലമെൻറിൽ കോട്ടും സൂട്ടും ധരിക്കുന്നതിന്റെ ആവശ്യമെന്താണ്? നിങ്ങളെ നോക്കി ആര്  അസൂയപ്പെടും? സ്വാമി വിവേകാനന്ദന്റെ മുന്നിലോ രാമകൃഷ്ണ പരമഹംസരുടെ മുന്നിലോ ഡയമണ്ട് നെക്ലേസ് അല്ലെങ്കിൽ സ്വർണ്ണനൂലുകൊണ്ട് നെയ്ത ബ്ലൗസ് ധരിച്ച് ചെല്ലുന്നതുകൊണ്ട് എന്ത് പ്രയോജനം? അവർക്ക് നിങ്ങളോടു അസൂയ തോന്നുമോ? മറിച്ച്, അവരുടെ പ്രശംസ ലഭിക്കാതെ നിങ്ങളുടെ അഹന്ത തകർന്നടിഞ്ഞുപോകും. കേന്ദ്രത്തിൽനിന്നും നിങ്ങളെ അകറ്റിനിർത്തുന്ന, വിദൂരതയിലുള്ള ഒന്നാണ് അഹന്ത. അവിടെനിന്നുകൊണ്ടു നിങ്ങളുടെ ഹൃദയത്തെ ശ്രവിക്കുക എന്നത് സാധ്യമല്ല. നിങ്ങൾ, മറ്റുള്ളവരോടും അവരുടെ അഭിപ്രായങ്ങളോടും അടുത്താണുള്ളത്. അത്തരമൊരു പ്രവണത  ആത്മീയതയിലുള്ള ഒരാൾക്ക് വിഷകരമായതാണ്.

അഹങ്കാരം മിക്കപ്പോഴും വസ്തുക്കളുമായി ബന്ധപ്പെട്ടാണ് പ്രകടിപ്പിക്കപ്പെടാറുള്ളത്. ഉദാഹരണത്തിന്, നിങ്ങൾക്ക്

രാജ്യാഭിമാനമുണ്ടാവാം. നിങ്ങളുടെ രാജ്യമാണ് ഏറ്റവും നല്ലത് എന്ന് വിശ്വസിക്കുന്നു; അതും മറ്റുള്ളവരുടെ നേട്ടത്തിൽ. തങ്ങളുടെ വിശ്വാസമാണ് ശരിയെന്ന സങ്കുചിത വിചാരം ശാസ്ത്രജ്ഞർക്കും ആത്മീയവാദികൾക്കും ഉണ്ടാവാം. “എനിക്കറിയാം, ഞാനാണ് ശരി” എന്ന അസുഖമാണ് നാം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ മഹാമാരി. സ്നേഹത്തിന്റെ രശ്മിയെ ഉള്ളിൽ പ്രവേശിക്കാൻ അനുവദിക്കാത്ത ഏറ്റവും വലിയ ബാധയാണിത്.

സ്നേഹരശ്മികളെ ഉള്ളിൽ പ്രവേശിക്കുന്നതിൽ നിന്നും തടയുന്നതും, ലക്ഷ്യപ്രാപ്തിക്ക് തടസ്സമായി നിൽക്കുന്നതും നമ്മുടെ വിശ്വാസങ്ങൾക്കും, ആശയങ്ങൾക്കും, മുൻവിധികൾക്കും നാം കൊടുക്കുന്ന പ്രാധാന്യമാണ്. അപകടകരമായ നമ്മുടെ കൂട്ടായുള്ള  (Collective) അഹങ്കാരമാണ് ആൾക്കൂട്ടമനഃസ്ഥിതിയിലേക്ക് നമ്മെ നയിക്കുന്നത്. സമൂഹത്തിലെ മതഭ്രാന്തിനും രാഷ്ട്രീയധ്രുവീകരണത്തിനും കാരണം ഇതാണെന്ന് നമുക്ക് കാണാം. അന്യോന്യമുള്ള പകയ്ക്കും, സംഘട്ടനങ്ങൾക്കും, ചിലപ്പോൾ യുദ്ധത്തിലേക്കുതന്നെയും ഈ മുൻവിധികൾ നയിച്ചേക്കാം. ഇങ്ങനെയുള്ള ചുറ്റുപാടുകളിൽ ആളുകൾ അവരവരുടെ വിശ്വാസപ്രമാണങ്ങളിൽ മാത്രമായി ഒതുങ്ങും; മറ്റുള്ളവരുടെ കാഴ്ചപ്പാടുകൾ കാണുന്നതിൽ നാം പരാജയപ്പെടും. നമ്മൾ കൂടുതൽ സങ്കുചിതരാവും.

എന്നാൽ അടുപ്പം ഒരു സുഹൃത്തിനെപ്പോലെ നമ്മളെ വിപരീതദിശയിലേക്ക് കൊണ്ടുപോയി അവരെയും ഉൾക്കൊള്ളുന്നതിന് സഹായിക്കും. സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഇത് നടക്കുകയുള്ളൂ. നമ്മുടെ

സ്നേഹിക്കാനുള്ള നമ്മുടെ കഴിവിനെ
വളർത്തി ഭക്തിയാക്കി മാറ്റുവാൻ നമുക്ക്
ഈ ലോകത്തെത്തന്നെ
ഉൾക്കൊള്ളേണ്ടതുണ്ട്. ഈ
ഹൃദയവിശാലത നമുക്ക്
ആത്മീയപരിശീലനം കൊണ്ടുമാത്രമേ
കൈവരിക്കാൻ സാധിക്കുകയുള്ളൂ.



അവബോധം വികസിക്കുമ്പോഴാണ് ആത്മീയയാത്ര ആരംഭിക്കുന്നത്. ഈ പൊരുത്തത്തെക്കുറിച്ച് നമ്മൾ എങ്ങനെയാണ് പഠിക്കുന്നത്? അമ്മയുടെ ഗർഭപാത്രത്തിൽ   നിന്നാണ്  നമ്മുടെ അനുഭവം തുടങ്ങുന്നത്.

വളർന്നുവരുമ്പോൾ നമ്മൾ മറ്റുള്ളവരെ കാണാൻ തുടങ്ങുന്നു; അവരോട് സ്നേഹം വളരുന്നു. കുട്ടികളോട് വാത്സല്യവും സമപ്രായക്കാരോട് സ്നേഹവും തോന്നുന്നു. നമ്മെ നയിക്കുന്ന മാസ്റ്ററടക്കമുള്ള മുതിർന്നവരോട് നമുക്ക് സ്നേഹവും, ആദരവും, വിശ്വാസവും ഉണ്ടാവും. ഇതെല്ലാംതന്നെ ആ അടുപ്പത്തിൽനിന്നും ഉളവാവുന്നതാണ്. എന്നാൽ നമ്മുടെ ആന്തരിക യാത്ര പുരോഗമിക്കുംതോറും ഇത് തേഞ്ഞുമാഞ്ഞുപോകും. “ആരെ സ്നേഹിക്കണം,” “ആരുമായി സഹവസിക്കണം,” “ആരെ വിശ്വസിക്കണം” എന്ന ചോദ്യങ്ങളെല്ലാം ഇതനുഭവിക്കുമ്പോൾ നമുക്കുള്ളിലുണർന്നേക്കാം. അടുപ്പം സ്നേഹത്തിലേക്കും, ക്രമേണ അതും അലിഞ്ഞില്ലാതായി സമർപ്പണത്തിലേക്കും നയിക്കുന്നു. അടുപ്പം ഭക്തിയായി പക്വമാവുമ്പോഴാണ് അത് സംഭവിക്കുക.

സ്നേഹരശ്മി പ്രകാശരശ്മികളേക്കാൾ വേഗത്തിൽ സഞ്ചരിക്കുന്നു. മാർഗ്ഗമദ്ധ്യേയുള്ള തടസ്സങ്ങൾ നമുക്ക് ഇല്ലാതാക്കാൻ സാധിച്ചാൽ ക്ഷണനേരംകൊണ്ട് നമ്മൾ കേന്ദ്രത്തിൽ എത്തിയിരിക്കും. കേന്ദ്രത്തിൽനിന്നുള്ള സ്നേഹരശ്മികളെ ഈ അരിപ്പകൾ സൃഷ്ടിക്കുന്ന തടസ്സങ്ങൾ വ്യതിചലിപ്പിക്കുകയും നമ്മൾ ദുരിതം അനുഭവിക്കുകയും ചെയ്യുന്നു. മുൻവിധി, അസൂയ, കുശുമ്പ്, അത്യാർത്തി, കോപം മുതലായ അരിപ്പകൾ

പൊതുവെ ഇതിന്റെ വളർച്ചാരീതി ഇങ്ങനെയാണ്: അടുപ്പത്തിൽ നിന്നും താൽപര്യവും അതിനുശേഷം സ്നേഹവും തുടർന്ന് വിശ്വാസവുമുണ്ടാവുന്നു.

ഭൂഗർഭ ബങ്കറുകളെപ്പോലെയാണ്. അവിടേക്ക് ഒന്നും പ്രവേശിക്കുവാൻ അവ അനുവദിക്കുകയില്ല. സ്നേഹരശ്മികളുടെ മാന്ത്രികപ്രവർത്തനങ്ങളെ അവ പ്രതിരോധിക്കും.

നമ്മുടെ പ്രാചീന ഭാരതീയസംസ്കൃതിയിൽ നിന്നും വളരെയധികം കാര്യങ്ങൾ ഈ വിഷയത്തിൽ നമുക്ക് പഠിക്കാനുണ്ടെന്ന് ഈയിടെയായി ഞാൻ മനസ്സിലാക്കുന്നു; പ്രത്യേകിച്ച് ഭക്തി സൂത്രത്തിൽ നിന്നും. സ്നേഹവും ഭക്തിയുമെന്നാണ് ഭക്തിക്ക് പൊതുവെ നമ്മൾ പരിഭാഷ നൽകാറുള്ളത്.

എന്നാൽ അതിന് അതിൽ കൂടുതൽ അർത്ഥതലങ്ങളുണ്ട്. എല്ലാ വസ്തുക്കളുമായുള്ള ഹൃദയപൂർവ്വമായ ബന്ധമാണ് അത് പ്രതിനിധാനം ചെയ്യുന്നത്. വ്യക്തിബോധത്തിന്റെ വിശ്വബോധവുമായുള്ള ബന്ധമാണത്. നമ്മൾ ചെയ്യുന്നതിലും ചിന്തിക്കുന്നതിലും ഭക്തിയുടെ അഭാവത്തിൽ പരമപ്രധാനമായ ആനന്ദമോ ആവേശമോ കാണുകയില്ല; അതിനാൽ അതിന് ഉദ്ദേശ്യസാഫല്യമുണ്ടാവുന്നില്ല.  ആന്തരികയാത്രയുടെ പിടിവള്ളിയാണത്; സ്നേഹരശ്മിയുമായുള്ള ബന്ധം അത് നിലനിർത്തുന്നു. കൃത്യമായി പറഞ്ഞാൽ സ്നേഹരശ്മിയെ പോഷിപ്പിക്കുന്നത് ഭക്തിയാണ്.

ആധിപത്യത്തിന്റെയും വ്യക്തിവിജയത്തിന്റെയും ഭാഷ മാത്രമേ അഹങ്കാരത്തിനറിയുകയുള്ളൂ; സ്നേഹത്തിന്റെ ഭാഷ അറിയില്ല. വിനയത്തിന്റെ യും,അജ്ഞാതമായിരിക്കുന്നതിന്റെയും ഭാഷ, തുറന്ന മനസ്സിന്റെ വഴക്കം തുടങ്ങിയവ അഹങ്കാരിക്ക് അന്യമാണ്; അതയാൾക്ക് മനസ്സിലാവില്ല. കേന്ദ്രത്തിലേക്കുള്ള യാത്രയിൽ നമ്മുടെ ഓരോ ചുവടും ക്രമേണ നമ്മളെ ഒരു വലയത്തിൽ (ring) നിന്നും അടുത്തതിലേക്കും, ഒരു തലത്തിൽ നിന്നും അടുത്തതിലേക്കും നയിക്കും. പുതിയ സാഹചര്യവുമായി പൊരുത്തപ്പെടാൻ നമ്മൾ തയ്യാറായില്ലെങ്കിൽ ബുദ്ധിമുട്ടായിരിക്കും ഫലം. അതുകൊണ്ടാണ് സംസ്കാരസമ്പന്നമായ സ്വഭാവം (akhlaq) വേണമെന്ന് ജ്ഞാനികൾ പറയുന്നത്. ആത്മീയ പ്രകൃതിയുടെ മാറുന്ന സാഹചര്യത്തിനനുസരിച്ച് നമ്മുടെ സ്വഭാവം ക്രമീകരിക്കേണ്ടതുണ്ടെന്ന് അവരുടെ അനുഭവം അവരെ പഠിപ്പിച്ചിട്ടുണ്ട്. സ്നേഹം ഈ ക്രമീകരണത്തെ സഹായിക്കും. ഉദാഹരണത്തിന്, നമ്മൾ ഭൗതികലോകത്തുനിന്നും സ്വതന്ത്രമായതും ദൈവീകശാന്തി പ്രദാനം ചെയ്യുന്നതുമായ ഹൃദയമണ്ഡലത്തിലെ രണ്ടാമത്തെ ചക്രത്തിലെത്തുമ്പോൾ, നമ്മളെ സ്നേഹിക്കുന്നവരോട് കോപിക്കുന്നത് ഉചിതമാണോ? അത്തരം രൂക്ഷമായ സ്വഭാവം രണ്ടാമത്തെ ചക്രത്തിലുള്ള ആന്തരീകാവസ്ഥയ്ക്ക് അനുയോജ്യമല്ല.

“അനന്തതയിലേക്ക്” എന്ന തന്റെ പുസ്തകത്തിൽ ഓരോ ചക്രത്തിൽ നിന്നും അടുത്തതിലേക്ക് പോകുന്നതിനെക്കുറിച്ച് ബാബുജി വിവരിക്കുന്നുണ്ട്. ധ്യാനസമയത്ത് ഹൃദയത്തിലെ ഒന്നാമത്തെ ചക്രത്തിൽ മാസ്റ്റർ ഉണർത്തിയ അവസ്ഥയെക്കുറിച്ചുള്ള പൂർണ്ണബോധത്തിലെത്തുവാനും അതിനെ ഉൾക്കൊള്ളുവാനും ശേഷം അതുമായി ഒന്നായിത്തീരുവാനും മാസ്റ്റർ നമ്മളോട് ആവശ്യപ്പെടുന്നു. ഈ പ്രക്രിയയിലൂടെ നമ്മൾ സ്വാഭാവികമായി അതുമായി പൊരുത്തപ്പെടുന്നു. തീവ്രമായ ഭക്തിയാണ് നമ്മളെ അടുത്ത തലമായ രണ്ടാമത്തെ ചക്രത്തിൽ എത്തിച്ചതെന്ന് അദ്ദേഹം നമ്മളെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ഭക്തിയുടെ തീവ്രതക്കനുസരിച്ചായിരിക്കും

രണ്ടാമത്തെ ചക്രത്തിൽ എത്തിച്ചേരാൻ നമുക്ക്  സാധിക്കുക എന്ന് നമുക്ക് പറയാം. ആഴത്തിലുള്ള ആകർഷണമാണ് ഭക്തി. മൂന്നാമത്തെ ചക്രത്തിൽ നമ്മൾ സ്നേഹജ്വാല തന്നെ അനുഭവിക്കുന്നു, അതിലൂടെ അത് ദിവ്യകൃപയെയും ആകർഷിക്കുന്നു. മുന്നോട്ടുള്ള പ്രയാണത്തിനുള്ള ഇന്ധനമാണത്. ഈ ആഴത്തിലുള്ള ആകർഷണത്തിന്റെ അനുഭവം കേന്ദ്രത്തിന്റെ ശ്രദ്ധയെത്തന്നെ നമ്മിലേക്ക് കൊണ്ടുവരുന്നു. ഇങ്ങിനെ പടിപടിയായി ഓരോ തലവും സ്നേഹരശ്മിയിലൂടെ നമ്മളെ മുന്നോട്ട് കൊണ്ടുപോകുന്നു.

നമ്മൾ സ്നേഹത്തെക്കുറിച്ച് പഠിക്കുന്നത് ബന്ധങ്ങളിലൂടെയാണ്. സ്നേഹപരിശീലനത്തിന്റെ കളരിയാണത്. വീട്ടിലെ കുഞ്ഞുങ്ങളോടും കുടുംബാംഗങ്ങളോടുമുള്ള അടുപ്പം അവരോട് പ്രീതി ജനിപ്പിക്കുകയും അത് തീവ്രമാവുമ്പോൾ സമപ്രായക്കാരോട് സ്നേഹം ജനിപ്പിക്കുകയും ചെയ്യുന്നു. ഇവിടെയാണ് അഹങ്കാരം തലപൊക്കുന്നത്. വിഭാജ്യത സംഭവിക്കുന്നത് ഒഴിവാക്കുവാൻ ആത്മപരിശോധന ചെയ്യേണ്ടത് അനിവാര്യമാണ്. അപ്പോഴാണ് നമ്മുടെ സ്നേഹത്തിൽ വിള്ളലുണ്ടാവുന്നത്.

സ്നേഹം രൂപപ്പെടുവാൻ അടുപ്പം ആവശ്യമാണെങ്കിലും അത് ഒരു കെണിയും കൂടിയാണ്. നമുക്ക് ഒരു തലവുമായി ഇഷ്ടം തോന്നിയാൽ നാം അവിടെ പെട്ടുപോകാനുള്ള സാധ്യതയുണ്ട്. ഉദാഹരണത്തിന്, നമ്മുടെ ശ്രദ്ധ കുടുംബത്തിൽ മാത്രമാവുമ്പോൾ, സമൂഹതലത്തിൽ വളരുവാനുള്ള അതിന്റെ സാധ്യത കുറയുന്നു. അല്ലെങ്കിൽ മാനവരാശിയെയോ സൃഷ്ടിയിലുള്ള മറ്റു ജീവജാലങ്ങളെയോ സ്നേഹിക്കുന്നതിനോ സാധിക്കാതെ വരുന്നു. സ്നേഹത്തിന്റെ പാത ഇടുങ്ങിയതാണെങ്കിൽ നമുക്ക് എല്ലാവരെയും സ്നേഹിക്കാൻ സാധിക്കാതെ വരുന്നു. സ്നേഹിക്കാനുള്ള നമ്മുടെ കഴിവിനെ വളർത്തി ഭക്തിയാക്കി മാറ്റുവാൻ നമുക്ക് ഈ ലോകത്തെത്തന്നെ ഉൾക്കൊള്ളേണ്ടതുണ്ട്. ഈ ഹൃദയവിശാലത നമുക്ക് ആത്മീയപരിശീലനം കൊണ്ടുമാത്രമേ കൈവരിക്കാൻ സാധിക്കുകയുള്ളൂ.

പൊതുവെ ഇതിന്റെ വളർച്ചാരീതി ഇങ്ങനെയാണ്: അടുപ്പത്തിൽ നിന്നും താൽപര്യവും അതിനുശേഷം സ്നേഹവും തുടർന്ന് വിശ്വാസവുമുണ്ടാവുന്നു. വിശ്വാസം വളരെ ഉന്നതമായ നേട്ടമായി കരുതുന്നു. അവിടെ യാഥാർത്ഥവിശ്വാസം സമർപ്പണത്തിലേക്ക് വഴിവെക്കുന്നു. നമ്മൾ ഇതിലൂടെയെല്ലാം കടന്നുപോകുന്നുണ്ട്. എന്നാൽ പിന്നീടെന്താണ് സംഭവിക്കുന്നത്? ഇതെവിടെയാണ് അവസാനിക്കുന്നത്? സ്നേഹകിരണത്തിലൂടെ അനായാസം സഞ്ചരിച്ച്  ഉണ്മയിൽ ലയിക്കുവാൻ

സഹായിക്കുക എന്നതാണ് ഭക്തിയുടെ ലക്ഷ്യം. ലയാവസ്ഥയിൽ ആഗ്രഹങ്ങളുടെയും, വികാരങ്ങളുടെയും, അഹങ്കാരത്തിന്റെയും തടസ്സങ്ങൾ ഇല്ലാതാവുകയും മാർഗം വളരെ സുഗമമാവുകയും ചെയ്യുന്നു. ഇപ്പോൾ കേന്ദ്രത്തിലെത്തി എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാവാം, എന്നാൽ ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. ലയാവസ്ഥയിൽ എത്തിയതിനുശേഷമാണ് യഥാർത്ഥയാത്ര ആരംഭിക്കുന്നത്! ചുരുക്കിപ്പറഞ്ഞാൽ നിങ്ങളുടെ ആഗ്രഹങ്ങൾ ഉപേക്ഷിച്ചാൽ മുക്തി ഉറപ്പാണ്; അഹങ്കാരം ഉപേക്ഷിക്കുകയാണെങ്കിൽ ലയാവസ്ഥ ക്ഷണനേരംകൊണ്ട് സാധ്യമാവും.

ഇപ്പോൾ നമ്മൾ കേന്ദ്രമണ്ഡലത്തിലേക്ക് പ്രവേശിക്കുകയാണ്. ഇവിടെ ഏഴ് വൃത്തങ്ങളുണ്ട് – അതായത് പ്രകാശചക്രങ്ങൾ. അതിബോധാവസ്ഥയുടെ അതിസൂക്ഷ്മാവസ്ഥകൾ ആസ്വദിച്ചുകൊണ്ട് നമ്മൾ മുന്നോട്ട് നീങ്ങിക്കൊണ്ടേയിരിക്കുന്നു. ഇവിടെ ബോധം അതിന്റെ യാഥാർത്ഥരൂപം കൈവരിക്കുന്നു. ആഗ്രഹങ്ങളുടെയും വികാരങ്ങളുടെയും അഹങ്കാരത്തിന്റെയും അപ്പുറമുള്ള യാഥാർത്ഥ്യത്തിന്റെ തലമാണത്. സ്വത്വത്തിന്റെ അതിസൂക്ഷ്മതലങ്ങളിൽ കൂടി സഞ്ചരിച്ച് നമ്മൾ ഒന്നുമല്ലായ്മയിലേക്ക് (non-being) ചലിക്കുന്നു. കേന്ദ്രമണ്ഡലം അനൈച്ഛികപ്രവർത്തനത്തിന്റെ (automatism) തലത്തിൽ നിന്നും തുടങ്ങുന്നു. അതായത്, എല്ലാം തന്നെ സ്വയമേവ സംഭവിക്കുന്നു എന്നതിന്റെ സൂക്ഷ്മമായ അവബോധം. ഒരു പ്രവൃത്തിയിലും കർത്തൃത്വബോധം തന്നെയുണ്ടാവുന്നില്ല. ഈ അനൈച്ഛികത്വം (automatism) അനായാസവും പ്രകൃതിയുമായി യോജിച്ചുപോകുന്നതുമാകുന്നു.

അടുത്തതലത്തിൽ, അനൈച്ഛികത്വവും അപ്രത്യക്ഷമാവുന്നു. ഗാഢനിദ്രാവസ്ഥയിൽ നമ്മുടെ നിത്യവൃത്തികൾ നടന്നുപോകുന്നതുമായി ഇതിനെ ഉപമിക്കാം.ഈ അജ്ഞാനാവസ്ഥയിൽ പ്രവൃത്തികൾ ഒരു മുദ്രണങ്ങളും വീഴ്ത്തുകയില്ല. ചിന്തയുടെയോ പ്രവൃത്തിയുടെയോ തലത്തിൽ ഒരു പങ്കാളിത്തവും ഉണ്ടാവുന്നില്ല.

ഇവിടുന്നങ്ങോട്ട് ഈ സ്നേഹകിരണം നമ്മളെ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നു. അജ്ഞാനത്തിന്റെ അവസ്ഥ കൂടുതൽ സ്ഫുടമാവുകയും അത് പരിശുദ്ധ വ്യക്തിത്വമായി മാറുകയും ചെയ്യുന്നു. എല്ലാ പരിമിതികളും അപ്രത്യക്ഷമാവുന്നു, ഇതും അവസാനമല്ല. ലീനമായ ചലനം (latent motion) ഇനിയുമുണ്ട്.

നമ്മൾ കേന്ദ്രത്തിനുനേരെ നീന്തിക്കൊണ്ടേയിരിക്കുന്നു. കേന്ദ്രത്തെ 'ചലനമില്ലാത്തതും, അനന്തത സ്വയം ഉൾക്കൊള്ളുന്നതും'എന്നാണ്

ബാബുജി വിശദീകരിച്ചിട്ടുള്ളത്. ഉന്നതതലത്തിലുള്ള പരിശുദ്ധാമായ വിസ്മയവും ആശ്ചര്യവും അവിടെ നമുക്ക് ദർശിക്കാം. ചലനമില്ലാത്ത കേന്ദ്രമാണ് ലീനമായ ചലനത്തെ നിയന്ത്രിക്കുന്നത്; അതാണ് ഈ പ്രപഞ്ചത്തിന് ഉത്തരവാദി.

ഇതിനെ ബാബുജി വിവരിക്കുന്നത്, കേന്ദ്രത്തിൽ നിന്നും പ്രസരിക്കുന്ന പ്രകാശം കേന്ദ്രമണ്ഡലത്തിന്റെ പരിധിയിലേക്ക് യാത്രചെയ്ത് ഒരു 'വലയം' (ring) സൃഷ്ടിക്കുന്നു എന്നാണ്. "പ്രകാശം" എന്ന വാക്കാണ് അദ്ദേഹം പ്രയോഗിക്കുന്നത്; യഥാർത്ഥത്തിൽ അതിനെ വിവരിക്കാൻ വാക്കുകളില്ല. ഒരുപക്ഷെ ആ പ്രകാശമായിരിക്കാം കേന്ദ്രമണ്ഡലത്തിലെ "ഏഴ് പ്രകാശവലയങ്ങൾ." നിങ്ങൾക്കെന്തു തോന്നുന്നു? സ്നേഹകിരണത്തിലൂടെ കേന്ദ്രമണ്ഡലത്തിലെ ആ വലയം ഭേദിക്കുക എന്നതുമാത്രമാണ് നമുക്കറിയാവുന്നത്. അതിന് മാസ്റ്ററെ സമ്പൂർണ്ണമായി ആശ്രയിക്കുക മാത്രമാണ് വഴി.

ഹൃദയപൂർവ്വമായ പ്രാർത്ഥനയോടെ,

കമലേഷ്

കൻഹ ശാന്തി വനം

ശ്രീ കമലേഷ് പട്ടേലിന്റെ 66-ാം ജന്മദിനത്തിൽ നൽകിയ സന്ദേശം-
28 സെപ്റ്റംബർ 2021

